# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 496
## 29.05.2019 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ട് അനുവദിക്കാത്തതിന് കാരണം**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | 2018-19 വർഷത്തിൽ കുന്നത്തുനാട് നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സൗത്ത് വാഴക്കുളം സ്കൂളിന് ഒരു ബസ് വാങ്ങുന്നതിന് നൽകിയ അപേക്ഷ അംഗീകരിച്ച് ഇതുവരെ ബസ് അനുവദിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | 05/11/2018 ലെ എറണാകുളം ജില്ലാ കളക്ടറുടെ ആർ.ഡി3-1535/2018 നമ്പർ ഉത്തരവ് പ്രകാരം സൗത്ത് വാഴക്കുളം ഗവ. ഹയർ സെക്കന്ററി സ്കൂളിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ആണ് ബസ് വാങ്ങി നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടത്. ഫണ്ടിന്റെ അപര്യാപ്തത ഇക്കാര്യത്തിൽ ഇല്ല. പൊതുവിദ്യാഭ്യാസ സെക്രട്ടറി നിയന്ത്രണാധികാരി ആയിട്ടുള്ള 4202-01-800-84-Projects under LAC ADS - Other Projects (NP) എന്ന ശീർഷകത്തിൽ നിന്നാണ് ഇതിനായുള്ള ചെലവ് വഹിക്കേണ്ടത്. ഫണ്ട് അനുവദിച്ച് കിട്ടുന്നതിനുള്ള ശിപാർശ അനുബന്ധ രേഖകൾ സഹിതം പൊതുവിദ്യാഭ്യാസ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. |
| (ബി) | എപ്പോൾ ഫണ്ട് അനുവദിച്ച് ബസ് ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ